# ശുഭസന്ദേശം എക്കോ

Vol. II | May | Issue. XVII

ഇന്റർനെറ്റ് എഡിഷൻ : www.sjesus.com

## അനുഗ്രഹത്തിന്റെ വഴികൾ



Mrs. & Mr. ദാനിയേൽ

**അ**നുഗ്രഹത്തിലേക്കും നന്മയിലേക്കുള്ള പാത ആദ്യം ഇടുക്കവും ഞെരുക്കവുമുള്ളതായിരിക്കും. എന്നാൽ നാശത്തിലേക്കുള്ള പാതയാകട്ടെ ആദ്യം വളരെ വിശാലമുള്ളതായിരിക്കും. യേശുക്രിസ്തുവിന്റെ ഈ പ്രസ്താവന എത്രയോ അർത്ഥവത്തും യാഥാർത്ഥ്യവുമാണെന്ന് തെളിയിക്കുന്ന ധാരാളം ആൾക്കാർ ഈ ഭൂമിയിൽ ജീവിക്കുന്നുണ്ട്. നിങ്ങളും അതിലൊരാൾതന്നെ. ഇന്നു നമ്മൾ ചിന്തിക്കുവാൻ പോകുന്നത് 84 വയസ്സുകഴിഞ്ഞുവെങ്കിലും ചുറുചുറുക്കോടെ പ്രവർത്തന നിരതനായിരിക്കുന്ന ശ്രീ. എൻ. എം. ദാനിയേലിനെക്കുറിച്ചാണ്.

നെടിയകാലായിൽ Mrs. & Mr. മത്തായി മറിയാമ്മ ദമ്പതികളുടെ മകനായി 1923–ൽ ദാനിയേൽ ജനിച്ചു. കോന്നിയാണ് ജന്മസ്ഥലം. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പുനലൂർ പേപ്പർ മില്ലിൽ ജോലിക്കു പ്രവേശിച്ചു. പുരാതനമായ ഒരു യാക്കോബായ കുടുംബത്തിൽ ജനിച്ചതുകൊണ്ട് ചെറുപ്രായത്തിൽ തന്നെ യേശുവിനെക്കുറിച്ച് കേൾക്കുവാനും ബൈബിൾ വായിക്കുവാനുമൊക്കെ അവസരം ലഭിച്ചു. സഭാചരിത്രമെഴുതിയ മങ്ങാട്ടെ എം. എം. തോമസ് തന്റെ അമ്മാച്ചനാണ്.

ശ്രീ. ദാനിയേൽ പുനലൂർ പേപ്പർ മില്ലിൽ ജോലിചെയ്യുമ്പോൾ ഐ. പി. സി. യുടെ പ്രസിഡന്റായിരുന്ന പരേതനായ പാസ്റ്റർ എം.വി. ചാക്കോ (മുണ്ടിയപ്പള്ളി) പുനലൂരിൽ പെന്തക്കോസ്ത് പ്രവർത്തനം നടത്തുകയായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നും രക്ഷ, വിശ്വാസസ്നാനം, പരിശുദ്ധാത്മാഭിഷേകം വേർപാട്, സത്യത്തിലും ആത്മാവിലുമുള്ള ആരാധന തുടങ്ങിയ ബൈബിൾ സത്യങ്ങൾ യുവാവായ ദാനിയേൽ കേട്ടു. അത് സത്യമാണോയെന്ന് സത്യവേദപുസ്തകത്തിൽ പരിശോധിച്ചപ്പോൾ സത്യമാണെന്ന് ബോധ്യമായി. തനിക്കുവേണ്ടി ക്രൂശിൽ മരിച്ച കർത്താവിനെ സ്നേഹിക്കുന്നത് യേശുവിനെ അനുസരിക്കുന്നതിലൂടെയാണെന്ന് ദാനിയേലിന്റെ പരമാർത്ഥമനസ്സിൽ പരിശുദ്ധാത്മാവ് ഉണർത്തികൊണ്ടിരുന്നു. അക്കാലങ്ങളിൽ സുറിയാനി ക്രിസ്ത്യാനികളിൽ നിന്നും അധികം പേർ പെന്തക്കോസ്തുമാർഗത്തിലേക്ക് വന്നിരുന്നില്ല. മാത്രമല്ല പെന്തക്കോസ്ത് സഭയിലേക്ക് പോകുന്നത് വലിയൊരു നാണക്കേടായിട്ടാണ് അന്ന് പലരും ചിന്തിച്ചിരുന്നത്. എങ്കിലും 1940–ൽ ദാനിയേൽ യേശുവിനെ രക്ഷിതാവായി സ്വീകരിച്ച് വിശ്വാസസ്നാനം സ്വീകരിച്ചു. അപ്പോൾ തനിക്ക് 17 വയസ്സായിരുന്നു. മാതാപിതാക്കളും ബന്ധുമിത്രാദികളും കോപാകുലരായി മാറി. ഭീഷണികളും പ്രശ്നങ്ങളും ഒന്നിനു പുറകെ ഒന്നായി തിരമാലകൾ പോലെ ഉയർന്നു വന്നു. ദാനിയേൽ തങ്ങളുടെ മകനാണെങ്കിലും ഒരു പെന്തക്കോസ്തുകാരനായി തങ്ങളുടെ വീട്ടിൽ താമസിക്കുവാൻ പാടില്ലായെന്ന് മാതാപിതാക്കൾ ഉറക്കെ പ്രസ്താവിച്ചു. ബന്ധുമിത്രാദികൾ ആ പ്രസ്താവനയെ സ്വാഗതം ചെയ്തു. തങ്ങളുടെ കുടുംബത്തെ മുഴുവൻ ദാനിയേൽ അപമാനിച്ചതായി അവർക്കു തോന്നി. മാത്രമല്ല പെന്തക്കോസ്തുവിട്ട് മടങ്ങി വന്നില്ലെങ്കിൽ വീട്ടിൽ കയറ്റുകയില്ലെന്നു മാത്രമല്ല കുടുംബസ്വത്തിൽ നിന്നും ഒരു സെന്റ് സ്ഥലം പോലും തരുകയില്ലെന്നും അവർ ഉറപ്പിച്ചു പറഞ്ഞു. എന്നാൽ ദാനിയേൽ ഒരു മതംമാറ്റമല്ല നടത്തിയത്. ആഴമേറിയ ഒരു മനംമാറ്റമാണ് തന്നിൽ ഉണ്ടായത്. യേശുവുമായിട്ടുള്ള അടുത്തബന്ധവും പരിശുദ്ധാത്മാവ് നല്കിയ സന്തോഷവും വേദപുസ്തകം നൽകിയ ഉറപ്പും ദൈവമക്കൾ നൽകിയ കൈതാങ്ങലും. ദാനിയേലിനു ലഭിച്ചു. അതുകൊണ്ടുതന്നെ പാറമേൽ അടിസ്ഥാനമിട്ടു പണിത വീടുപോലെ ഈ ചെറുപ്പക്കാരൻ വിശ്വാസത്തിൽ ഉറച്ചുനിന്നു. മുകളിൽ നിന്നു പെയ്തിറങ്ങിയ മഴയ്ക്കും താഴെ നിന്നു പൊങ്ങിവന്ന നദിക്കും, ചുറ്റും ആഞ്ഞടിച്ച കാറ്റിനും ആ ഭവനത്തെ തകർക്കുവാൻ കഴിഞ്ഞില്ല.

യേശുവിനെ രക്ഷിതാവായി സ്വീകരിച്ചപ്പോൾ ദാനിയേലിന്റെ ബുദ്ധി കുറെക്കൂടെ പ്രകാശിതമായി മദ്യവും സിഗരറ്റും മയക്കുമരുന്നുകളും തന്റെ അടുക്കൽ വരാതെയായി. ആത്മീയരുമായിട്ടുള്ള കൂട്ടുകെട്ടുകൾ, പ്രാർത്ഥനകൾ, വചന ധ്യാനങ്ങൾ ഈ യുവാവിനെ അനവധി ചതിക്കുഴികളിൽ നിന്നും രക്ഷിച്ചു. തന്മൂലം താൻ ജോലിചെയ്തു ലഭിക്കുന്ന പണവും ദൈവം നൽകിയ ആരോഗ്യവും നഷ്ടമായില്ല. പഠിക്കുവാൻ തനിക്ക് ഉത്സാഹം തോന്നി. മദ്രാസ് യൂണിവേഴ്സിറ്റിയിൽ പരീക്ഷ എഴുതി. ഇതറിഞ്ഞ പേപ്പർ മില്ലിന്റെ മാനേജർക്ക് ദാനിയേലിൽ മതിപ്പുണ്ടായി. ഉടൻ തന്നെ ജോലിക്കയറ്റം കൊടുത്തു. ഒന്നര അണയ്ക്ക് ജോലിയിൽ പ്രവേശിച്ച ദാനിയേലിന്റെ ശമ്പളം താൻ നിനച്ചതിലും ആഗ്രഹിച്ചതിലും അപ്പുറമായി. താൻ വിരമിക്കുന്നതുവരെ പുനലൂർ പേപ്പർമിൽ നശിച്ചുപോയതുമില്ല.

1947–ൽ ദാനിയേൽ വിവാഹിതനായി. പത്താനാപുരം പുതുപ്പറമ്പിൽ Mrs. & Mr. കോശി മത്തായിയുടെയും അന്നമ്മയുടെയും മകൾ ഏലിയാമ്മയായിരുന്നു വധു.

വിവാഹിതനായ ദാനിയേൽ സന്തോഷവാനായിരുന്നു എന്നാൽ വീട്ടിൽ ചെല്ലുവാൻ അനുവാദമുണ്ടായിരുന്നില്ല. മാതാപിതാക്കളോ ബന്ധുമിത്രാദികളോ വിവാഹത്തിൽ പങ്കെടുത്തില്ല. മംഗളകരമായ വിവാഹ ശുശ്രൂഷയ്ക്കുശേഷം പാസ്റ്ററുടെ പാഴ്സനേജിലേക്കാണ് നവദമ്പതികൾ പോയത്. അക്കാലങ്ങളിൽ പാസ്റ്റർമാർ താമസിക്കുന്ന പാഴ്സനേജുകൾ പലതും മഴപെയ്താൽ ചോർന്നൊലിക്കുന്നതായിരുന്നു. 40 അടി നീളത്തിൽ 20 അടി വീതിയിൽ തീർത്തതാണ് സഭാഹാളെങ്കിൽ അന്നത്തെ കാലത്ത് അതൊരു വലിയഹാൾ തന്നെയാണ്. അതിനോട് ചേർന്ന് ചരിച്ച് ഉണ്ടാക്കുന്നതാണ് പാഴ്സനേജ്. അടുക്കളയും ബെഡ്റൂമും എല്ലാം ചേർന്ന് ഒറ്റ ഹാളായിട്ടായിരിക്കും പാഴ്സനേജ് ഉണ്ടാക്കുന്നത്.

മിക്കവാറും ഓലയായിരിക്കും മേൽക്കൂര. ഒരു പാസ്റ്റർക്കും കുടുംബത്തിനും താമസിക്കുവാനുള്ള സൗകര്യമുണ്ടായിരിക്കയില്ല പാഴ്സനേജിൽ. അങ്ങനൊരു പാഴ്സനേജിലേക്കാണ് വിവാഹത്തിനുശേഷം ദാനിയേലും ഏലിയാമ്മയും പോയത്.

*(ശേഷം 2–ാം പേജിൽ)*

ശാസ്ത്രീയ പഠനം 19

## ആകാശത്തിന് ഭൂമിമേലുള്ള സ്വാധീനത



**പോൾ ഗോപാലകൃഷ്ണൻ, കൊച്ചറ**

**ഇ**ന്നേക്ക് ഏകദേശം 3500 വർഷങ്ങൾക്കു മുൻപേ ദൈവം ഇയ്യോബിനോട് ഇപ്രകാരം ചോദിച്ചു: ആകാശത്തിലെ നിയമങ്ങളെ നീ അറിയുന്നുവോ? അതിനു ഭൂമിമേലുള്ള സ്വാധീനത നിർണ്ണയിക്കാമോ? (ഇയ്യോബ് 38:33). ആകാശത്തിലെ നിയമങ്ങളേയും അവയ്ക്ക് ഭൂമിമേലുള്ള സ്വാധീനതയെക്കുറിച്ചും നിനക്കറിയാമോ എന്നുള്ള ചോദ്യത്തിനു മുൻപിൽ ധനികനും ജ്ഞാനിയുമായിരുന്ന ഇയ്യോബ് നിശ്ശബ്ദനാകുകയാണ് ചെയ്തത്. ആകാശത്തിലെ നിയമങ്ങളും അവയ്ക്ക് ഭൂമിമേലുള്ള സ്വാധീനതയും ഗ്രഹിക്കുവാൻ തക്കവണ്ണം വാനശാസ്ത്രം അന്ന് പുരോഗമിച്ചിരുന്നില്ല. എന്നാൽ ഇന്ന് ആകാശത്തിന് ഭൂമിമേൽ വളരെയധികം സ്വാധീനമുണ്ടെന്നും അതിന്റെ നിയമങ്ങൾ അതുല്യവും അത്ഭുതകരവുമാണെന്നും വാനശാസ്ത്രം നമ്മെ പഠിപ്പിക്കുന്നു.

ആകാശം നമ്മുടെ തലയ്ക്കുമീതെ കുറെ മേഘങ്ങളുമായി ശൂന്യമായി കിടക്കുന്ന ഒന്നായിട്ട് നമുക്ക് തോന്നും. പക്ഷേ സങ്കീർണ്ണമായ നിയമങ്ങളും അതിന്റെ അതിശയകരമായ സ്വാധീനവും നമ്മുടെ ഇഹലോക ജീവിതത്തിന് ഒഴിച്ചുകൂടുവാൻ പാടില്ലാത്ത സഹായമാണ് ചെയ്യുന്നത്.

ഭൂമിയുടെ ഉപരിതലത്തിൽ നിന്നും ഏകദേശം 1200 കി.മീ. ഉയരം വരെയും അന്തരീക്ഷമണ്ഡലമാണ്. ഓക്സിജൻ, നൈട്രജൻ, കാർബൺഡൈ ഓക്സൈഡ്, ഓസോൺ, നിയോൺ, ഹീലിയം, ക്രിപ്റ്റോൺ, സിനോൺ, ഹൈഡ്രജൻ, മീഥൈൻ എന്നീ വാതകങ്ങളും പൊടിപടലങ്ങളും അന്തരീക്ഷത്തിൽ വ്യാപിച്ചുകിടക്കുന്നു. ഈ അന്തരീക്ഷ പദാർത്ഥങ്ങളുടെ മൊത്തം ഭാരം 50,00,00,00,00,00,00,000 ടണ്ണാണ്. ഇവയൊന്നും നാം നമ്മുടെ കണ്ണുകൊണ്ട് കാണുന്നില്ല. ഇവയ്ക്കെല്ലാം ഭൂമിയുടെ മേൽ നിർണ്ണായകമായ സ്വാധീനമാണുള്ളത്. അന്തരീക്ഷമണ്ഡലത്തിലെ താപനില, മർദ്ദം, ഘടകവസ്തുക്കൾ എന്നിവയെ അടിസ്ഥാനമാക്കി അന്തരീക്ഷമണ്ഡലത്തെ പല മേഖലകളായിത്തിരിച്ചിട്ടുണ്ട്. ട്രോപ്പോസ്ഫിയർ, സ്ട്രാറ്റോസ്ഫിയർ, മെസോസ്ഫിയർ, തെർമോസ്ഫിയർ, എക്സോസ്ഫിയർ എന്നീ പേരുകളിലാണ് ബഹിരാകാശത്തിന് താഴെയുള്ള ആകാശത്തിന് കൊടുത്തിരിക്കുന്ന പേര്. മെസോസ്ഫിയറിനെയും എക്സോസ്ഫിയറിനെയും ചേർന്ന് അയണോസ്ഫിയറെന്നു വിളിക്കാറുണ്ട്.

ഭൂമിയുടെ ഉപരിതലത്തോട് ചേർന്നുകിടക്കുന്ന ഭാഗമാണ് ട്രോപ്പോസ്ഫിയർ. ഏകദേശം 19 കിലോ മീറ്ററോളം ഉയരം വരെ വ്യാപിച്ചുകിടക്കുന്നു. അന്തരീക്ഷവായുവിന്റെ എൺപതുശതമാനവും ട്രോപ്പോസ്ഫിയറിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്.

സ്ട്രാറ്റോസ്ഫിയറിൽ അന്തരീക്ഷ വായുവിന്റെ 19 ശതമാനമാണുള്ളത്. ഇവിടെയാണ് സൂര്യനിൽ നിന്നു വരുന്ന തരംഗദൈർഘ്യം കുറഞ്ഞ അൾട്രാവയലറ്റ് മാരകകിരണങ്ങളെ ഓസോൺ ലെയർ പിടിച്ചെടുക്കുന്നത്. തന്മൂലം ഈ ലെയർ അത്യുഗ്രമായ ചൂടിനു വിധേയമാണ്. എന്നാൽ മിസ്സോസ്ഫിയറിലെത്തിയാൽ താലനില $-100^{0}$ലേക്ക് താഴുകയാണ്. അന്തരീക്ഷമണ്ഡലത്തിലെ ഏറ്റവും തണുത്ത ഭാഗമാണ് മിസ്സോസ്ഫിയർ. എന്നാൽ മിസ്സോസ്ഫിയറിന്റെ അതിർത്തി കഴിഞ്ഞാൽ ഒരു ജീവജാലത്തിനും നിലനിൽക്കുവാൻ കഴിയാത്ത അത്യുഗ്രമായ ചൂടിലേക്ക് തിരിയുകയാണ്. നൈട്രജനും ഓക്സിജനുമാണ് ഇവിടെയുള്ള മുഖ്യഘടകങ്ങൾ. അവയാകട്ടെ അത്യുഗ്രമായ ചൂടിനാൽ ആറ്റങ്ങളായും, ആറ്റങ്ങൾ ഇലക്ട്രോൺ വേർപെട്ട അയോണുകളായും മാറുന്നു. തന്മൂലം ഈ മേഖലയ്ക്ക് അയണോസ്ഫിയർ എന്നു പറയുന്നു. ഇവയ്ക്ക് റേഡിയോ തരംഗങ്ങളെ പ്രതിഫലിപ്പിക്കുവാൻ കഴിയും. ഭൂമിയിൽ നിന്നു പ്രക്ഷേപണം ചെയ്യുന്ന ശബ്ദങ്ങൾ തരംഗങ്ങളായി അയണോസ്ഫിയറിലെത്തി പ്രതിഫലിക്കപ്പെടുന്നതുകൊണ്ടാണ് നമ്മുടെ റേഡിയോ പ്രവർത്തിക്കുന്നത്.

സൂര്യതാപം എക്സോസ്ഫിയറിലൂടെ, തെർമ്മോസ്ഫിയറിലൂടെ, മെസോസ്ഫിയറിലൂടെ, സ്ട്രാറ്റോസ്ഫിയറിലൂടെ, ട്രോപ്പോസ്ഫിയറിലൂടെ ഊർന്നിറങ്ങിയില്ലായിരുന്നുവെങ്കിൽ ഭൂമുഖത്ത് സകല ജീവജാലങ്ങളും ചത്തൊടുങ്ങുമായിരുന്നു. ഈ ആകാശത്തട്ടുകൾ സൂര്യതാപത്തിന്റെ ചൂട് കൂട്ടിയും കുറച്ചും പ്രകാശകിരണങ്ങളെ അരിച്ച് മാരകകിരണങ്ങളെ തടഞ്ഞുവെച്ച് നമ്മുടെ ജീവിതത്തെ സുഗമമാക്കുന്നു.

മനുഷ്യജീവിതത്തിനാവശ്യമായ ചൂട് ലഭിക്കുന്നത് സൂര്യനിൽനിന്നും താഴോട്ട് വരുന്നതാണെന്ന് നമുക്ക് തോന്നുന്നുവെങ്കിലും ഭൂമിയിൽ നിന്ന് മുകളിലേക്ക് പോകുന്ന താപമാണ് നമുക്ക് ലഭിക്കുന്ന ചൂട്. കാരണം സൂര്യനിൽ നിന്നുവരുന്ന ചൂട് ഈ ആകാശത്തട്ടുകളിലൂടെ ഊർന്നുവരുന്നതിനാൽ

*(ശേഷം 2–ാം പേജിൽ)*

## മുഖമൊഴി

# പരിശുദ്ധാത്മാവാകുന്ന അഗ്നി

ഘോരമായ വനങ്ങളിലെ ക്രൂരരായ മൃഗങ്ങൾ തോക്കുകളെ ഭയപ്പെടുന്നില്ല. എന്നാൽ അഗ്നിയെ ഭയപ്പെടുന്നു. വനങ്ങളിൽ താമസിക്കുന്ന ആദിവാസികൾ തീകത്തിച്ച് വന്യമൃഗത്തിൽ നിന്നും രക്ഷപ്പെടുന്നു. ഇതുപോലെ പരിശുദ്ധാത്മാവിന്റെ അഗ്നിയാൽ സകല നശീകരണ ശക്തിയിൽ നിന്നും നമുക്ക് രക്ഷനേടുവാൻ കഴിയും. പരിശുദ്ധാത്മാവിന്റെ അഗ്നി കത്തുന്നിടത്ത് നശീകരണ ശക്തികളായ സാത്താന്യ ഗണങ്ങൾക്ക് അടുക്കുവാൻ കഴിയുകയില്ല.

വേദപുസ്തകത്തിൽ പരിശുദ്ധാത്മാവിനെ അഗ്നിയോട് ഉപമിച്ചിട്ടുണ്ട്. പെന്തക്കോസ്ത് നാളിൽ പ്രാർത്ഥനാനിരതരായി ഇരുന്നവർ അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകളാണ് കണ്ടത്. (അപ്പോപ്രവൃത്തി 2:3). ഇറാക്കിലെ ദൂരാസമഭൂമിയിൽ ബാബിലോണ്യകയറുകളാൽ ബന്ധിതരായ സത്യദൈവാരാധകരായ ചെറുപ്പക്കാരെ അഗ്നിയിൽ എറിഞ്ഞപ്പോൾ അവരുടെ ബന്ധനങ്ങൾ അഴിഞ്ഞു. അവർ സ്വതന്ത്രരായി. ഇതുപോലെ പരിശുദ്ധാത്മാവിന്റെ അഗ്നി കത്തുമ്പോൾ നമ്മെ ബന്ധിച്ചിരിക്കുന്ന ബാബിലോണ്യബന്ധനങ്ങൾ കത്തിക്കരിഞ്ഞ് മാറുകയാണ്. ഒരു വലിയ കപ്പൽ അപകടത്തിൽ നിന്ന് രക്ഷപ്പെട്ട പൗലോസും റോമൻ പട്ടാളക്കാരും മെലിത്താ ദ്വീപിലെത്തി ഒരു തണുപ്പുകാലമായിരുന്നു അത്. പൗലോസ് ഉൾപ്പെടെയുള്ളവർ വിറക് പെറുക്കി കത്തിച്ച് ഒരു വലിയ ആഴിയുണ്ടാക്കി അപ്പോൾ ഒരു അണലി പൗലോസിന്റെ കയ്യിൽ ചുറ്റി. പൗലോസ് ആ വിഷജന്തുവിനെ തീയിൽ കുടഞ്ഞു കളഞ്ഞു. ദ്വീപിൽ കത്തിയുയർന്ന അഗ്നി മുഖാന്തിരം അവരുടെ വിറങ്ങലിച്ച ശരീരം ചൂടുപിടിച്ചു. തങ്ങളെ കൊല്ലുവാൻ വന്ന വിഷസർപ്പത്തെ തീയിൽ വലിച്ചെറിഞ്ഞു. അങ്ങനെ തണുപ്പിൽ നിന്നും മരണത്തിൽ നിന്നും അവർ രക്ഷപെട്ടു. (അപ്പോ. പ്രവൃത്തി 28:1.6) ഇതുപോലെ പരിശുദ്ധാത്മാവിന്റെ അഗ്നി കത്തിയാൽ ആത്മീകമായ ശൈത്യം മാറുക മാത്രമല്ല, അറക്കുവാനും, മുടിക്കുവാനും, കൊല്ലുവാനും വരുന്ന സാത്താനിൽ നിന്ന് രക്ഷപ്പെടുവാൻ കഴിയും. പൗലോസിനെക്കുറിച്ച് ദ്വീപുവാസികൾക്കുണ്ടായിരുന്ന തെറ്റിദ്ധാരണ മേൽപ്പറഞ്ഞ സംഭവം മുഖാന്തിരം മാറുവാനിടയായി. ഇതുപോലെ പരിശുദ്ധാത്മാവിന്റെ അഗ്നി നമ്മുടെ മദ്ധ്യേ കത്തിപടരുമ്പോൾ ജനത്തിനുള്ള തെറ്റിദ്ധാരണ തനിയെ മാറിക്കൊള്ളും. പരിശുദ്ധാത്മാവിന്റെ അഗ്നി നമ്മിലും നമ്മുടെ ഭവനത്തിലും സഭയിലും ദേശത്തിലും, രാജ്യത്തിലും ആളികത്തട്ടെ!.

## മുണ്ടിയപ്പള്ളി ശാരോൻ ഫെലോഷിപ്പ് ചർച്ച്

| | | |
|---|---|---|
| ഞായർ | ആരാധന സമയം | 09:30 – 1:00 മണി വരെ |
| | സൺഡേസ്കൂൾ | 08:00 – 9:00 മണി വരെ |
| ബുധൻ | സഹോദരീസമാജം | 09:30 – 1:00 മണി വരെ |
| വ്യാഴം | ഭവനപ്രാർത്ഥന | 6:30 – 8:30 മണി വരെ |
| വെള്ളി | ഉപവാസപ്രാർത്ഥന | 010 – 1 മണി വരെ |
| ശനി | യുവജന മീറ്റിംഗ് | 6:30 – 8:30 മണി വരെ |

**ഏവർക്കും സ്വാഗതം**

*കൂടുതൽ വിവരങ്ങൾക്ക്:*

**പത്രാധിപർ,**
**ശുഭസന്ദേശം എക്കോ,**
മുണ്ടിയപ്പള്ളി P. O., തിരുവല്ല
ഫോൺ: 0469 – 2692160

## അനുഗ്രഹത്തിന്റെ വഴി...... തുടർച്ച



പിതൃഭവനത്തിൽ നിന്നും പുറത്താക്കപ്പെട്ട ദാനിയേൽ സാർ സ്വന്തം ഭവനത്തിന്റെ മുമ്പിൽ കുടുംബമായി

അവർ ദൈവത്തിനുവേണ്ടിയും ദൈവവചനത്തിനുവേണ്ടിയും ഈ ത്യാഗങ്ങൾ സഹിക്കുവാൻ തയ്യാറായി. തങ്ങൾ വേദപുസ്തകത്തിൽ നിന്നും പഠിച്ച സത്യങ്ങൾക്കുവേണ്ടി ഉറച്ചുനിന്നു. അനുഗ്രഹത്തിലേക്കുള്ള പാത ആദ്യം ഇടുക്കവും ഞെരുക്കവുമായിരിക്കുമെന്ന് ദാനിയേൽ ഏലിയാമ്മ ദമ്പതികൾ പഠിച്ചുകഴിഞ്ഞു.

ദൈവം അനുഗ്രഹത്തിന്റെ പാതകൾ തുറക്കുവാൻ തുടങ്ങി. പുനലൂർ പേപ്പർമില്ലിൽ ജോലി ചെയ്യുമ്പോൾ തന്നെ ദാനിയേൽ പഠിക്കുവാൻ തുടങ്ങി. അതോടുകൂടെ പ്രെമോഷൻ ഒന്നിനുപുറകെ ഒന്നായി തന്നെ തേടിയെത്തി ഒന്നര അണയായിരുന്നു ആദ്യത്തെ ശമ്പളം എന്നാൽ അവസ്ഥകൾക്ക് മാറ്റമുണ്ടായി. ശമ്പളം വർദ്ധിച്ചു. ദാനിയേൽ തൊട്ടടുത്തെല്ലാം ദൈവം അനുഗ്രഹം പകർന്നു. ദൈവം ദാനിയേൽ ഏലിയാമ്മ ദമ്പതികൾക്ക് ആറ് മക്കളെ നൽകി; മൂത്തമകൾ ലീലാമ്മ പുനലൂർ ബഥേൽ ബൈബിൾ കോളേജ് പ്രിൻസിപ്പാൾ പാസ്റ്റർ പി. എസ്. ഫിലിപ്പിന്റെ ഭാര്യയാണ്. സാം ദാനിയേൽ കാനഡയിലാണ്. കുഞ്ഞൂഞ്ഞമ്മ ജോൺസൺ ഹൂസ്റ്റണിലാണ്. ജേക്കബ് ദാനിയേലും, ജോസ് ദാനിയേലും ന്യൂയേർക്കിലാണ്. ദൈവവിശ്വാസത്തിനുവേണ്ടി അടിയുറച്ചു നിന്നുകൊണ്ട് ഒരു പാസ്റ്ററുടെ ദരിദ്രമായ ഒരു പാഴ്സനേജിൽ വിവാഹത്തിനുശേഷം കടന്നുപോയ ദാനിയേൽ ദമ്പതികളുടെ മക്കൾക്ക് ന്യൂയോർക്കിലും, ഹൂസ്റ്റണിലും കാനഡയിലുമൊക്കെ വീടുകൾ നൽകി ദൈവം അവരെ ആദരിച്ചു. നീതിമാന്റെ സന്തതി തുണയില്ലാതിരിക്കുന്നതും അപ്പമിരക്കുന്നതും താൻ കണ്ടിട്ടില്ലായെന്ന ബൈബിൾ പ്രസ്താവന എത്രയോ സത്യമാണ്. ദൈവപ്രമാണത്തെയും ദൈവ വഴികളെയും വിട്ട് മാതാപിതാക്കളുടെയും ബന്ധുമിത്രാദികളുടെ സഹകരണത്തോടുകൂടെ ആഡംബരപൂർവ്വമായി വിവാഹിതരായ എത്രയോ പേരുടെ കുടുംബജീവിതം തകർന്നുപോയതായി നമുക്കറിയാം. മാത്രമല്ല ഉണ്ടാക്കിയ സമ്പത്തെല്ലാം സ്വന്ത മക്കൾ നശിപ്പിക്കുന്നതുകണ്ട് നീറിനീറി കഴിയുന്ന എത്രയോ മാതാപിതാക്കളെ നമുക്കറിയാം!

എന്നാൽ ദൈവത്തിന്റെ പ്രമാണത്തിനുവേണ്ടി സ്വന്തം വീടിനെയും നേട്ടങ്ങളെയും ഉപേക്ഷിച്ച ദാനിയേലിനിപ്പോൾ വയസ്സ് 84ആയി. തന്റെ കുടുംബജീവിതം സന്തോഷമാണ്. മക്കളും കൊച്ചുമക്കളും തനിക്ക് ആനന്ദമാണ്. തന്റെ മാതാപിതാക്കൾ താൻ പെന്തക്കോസ്ത് മാർഗ്ഗം സ്വീകരിച്ചതുകൊണ്ട് തന്നെ വീട്ടിൽ നിന്നും പുറത്താക്കിയെങ്കിൽ. തന്റെ മക്കളും കൊച്ചുമക്കളും തന്നെ ആദരിക്കുകയാണ്. ബഹുമാനിക്കുകയാണ്. സൽക്കരിക്കുകയാണ്. അവരോടൊപ്പം താമസിക്കുവാൻ നിർബന്ധിക്കുകയാണ്. ദൈവവഴികൾ വിട്ട് പ്രതാപശാലികളായി ജീവിച്ചവർ വൃദ്ധരായപ്പോൾ ആരാലും ശ്രദ്ധിക്കപ്പെടുവാൻ ഇല്ലാതെ വലിയ വീടുകളിൽ വിശന്നും ദാഹിച്ചും മലമൂത്രവിസർജ്ജനങ്ങളിൽ കുളിച്ചും കിടക്കുന്നു. മരിച്ചുകിട്ടിയാൽ ശവസംസ്കാരം മാത്രം ഗംഭീരമായി നടത്തും. എന്തൊരു ജീവിതം. ദൈവീക വഴികൾ ആദ്യം ഇടുക്കമായിതോന്നിയാലും അന്ത്യം ശോഭനമായിരിക്കും.

തന്റെ മാതാപിതാക്കൾ താൻ പിറന്നു വീണ വീട്ടിൽ കയറരുതെന്ന് കല്പിച്ചുവെങ്കിൽ ദാനിയേലിന് ദൈവം പുനലൂരിൽ മനോഹരമായൊരു വീട് സ്വന്തമായി നൽകി. ആ വീട്ടിലാണ് അദ്ദേഹം കുടുംബമായി ഇപ്പോൾ താമസിക്കുന്നത്. “എന്റെ നിമിത്തം മാതാപിതാക്കളെയോ, വീടും നിലങ്ങളെയോ ഉപേക്ഷിച്ചാൽ ഈ ഭൂമിയിൽ തന്നെ കഷ്ടതയോടുകൂടെ നഷ്ടപ്പെട്ടതിന്റെ നൂറു മടങ്ങും മരണാനന്തരം നിത്യജീവനും ലഭിയ്ക്കുമെന്ന് യേശുപറഞ്ഞ പ്രസ്താവന ദാനിയേൽ സാറിന്റെ ജീവിതത്തിൽ അന്വർത്ഥമാവുകയാണ്.

പ്രിയമുള്ളവരെ സ്വന്തം മാതാപിതാക്കളെയും ജനിച്ചു വളർന്ന ഭവനത്തെയും ഉപേക്ഷിക്കുവാൻ ദൈവം നമ്മോടുപറയുന്നില്ല. മാതാപിതാക്കളെ ബഹുമാനിക്കുവാനും അനുസരിക്കുവാനുമാണ് ബൈബിൾ നമ്മെ പഠിപ്പിക്കുന്നത്. എന്നാൽ ദൈവത്തിന്റെ കല്പന അനുസരിക്കുന്നതിന് മാതാപിതാക്കൾ തടസ്സമായി നിന്നാൽ നാം ആ കാര്യത്തിൽ അവരെ അനുസരിക്കുവാൻ പാടില്ല. കാരണം ദൈവത്തെക്കാൾ അധികമായി നാം ആരെയെങ്കിലും അനുസരിച്ചാൽ എല്ലാ ശാപങ്ങളും

*(ശേഷം 4–ാം പേജിൽ)*

## ആകാശത്തിന് ഭുമിമേലുള്ള സ്വാധീനത...... തുടർച്ച

നല്ലൊരു ശതമാനത്തിന് ഭൂമിയിലെത്തുവാൻ കഴിയുകയില്ല. ഉദാഹരണമായി അയണോസ്ഫിയറിലെത്തുന്ന സൂര്യതാപം അവിടെ അയണീകരണം നടക്കേണ്ടുന്നതിനുവേണ്ടി കുറച്ച് ഉപയോഗിക്കുന്നു. ശേഷിക്കുന്ന ചൂടാണ് സ്ട്രാറ്റോസ്ഫിയറിലെത്തുന്നത്. അവിടെ സൂര്യകിരണങ്ങളിലെ അൾട്രാവയലറ്റ് കിരണത്തെ ആഗിരണം ചെയ്യുന്നു. ശേഷിക്കുന്ന സൗരോർജ്ജം ട്രോപ്പോസ്ഫിയറിലെത്തുന്നു. എന്നാൽ ട്രോപ്പോസ്ഫിയറിലെ പൊടിപടലങ്ങളും മേഘങ്ങളും കാർബൺഡൈഓക്സൈഡും സൂര്യതാപത്തിന്റെ ഒരു ഭാഗത്തെ തിരിച്ചു മുകളിലോട്ടു തന്നെ പ്രതിഫലിപ്പിക്കുന്നു. അങ്ങനെ സൂര്യതാപത്തിന്റെ അൻപത്തിനാലു ശതമാനം 1200 കി.മീ. ദൈർഘ്യം വരുന്ന ആകാശത്തട്ടുകളിൽ നഷ്ടമാകുന്നു. ശേഷിക്കുന്ന 46% സൗരോർജ്ജം മാത്രമാണ് ഭൂമുഖത്ത് പതിക്കുന്നത്. ഇത് ഭൂമിയുടെ ഉപരിതലത്തെ $14^{0}$ ചൂടാക്കുവാൻ മാത്രമേ സാധിക്കുകയുള്ളൂ. എന്നാൽ ഭൂമിക്കു ലഭിക്കുന്ന ഈ താപം തരംഗദൈർഘ്യം കൂടിയ ഇൻഫ്രാറെഡ് കിരണങ്ങളായി മുകളിലേക്ക് പേകുന്നു. ഇവയ്ക്ക് ഭൗമീകരണം എന്നു പറയുന്നു. ഇവയെ ടോപ്പോസ്ഫിയർ തടഞ്ഞു നിർത്തി താഴെക്കുതന്നെ പ്രതിഫലിപ്പിക്കുന്നു. ഇതിന് ഗ്രീൻ ഹൗസ് ഇഫക്ട് എന്നാണു പറയുന്നത്. ഇപ്രകാരമാണ് നമുക്കാവശ്യമുള്ള താപം ലഭിക്കുന്നത്. ഈ ആകാശപാളികളില്ലായിരുന്നുവെങ്കിൽ സൂര്യതാപത്താൽ നാം വെന്തുരുകി പോകുമായിരുന്നു. ട്രോപ്പോസ്ഫിയറിൽ കാർബൺഡൈ ഓക്സൈഡ് ഇല്ലായിരുന്നുവെങ്കിൽ ഗ്രീൻഹൗസ് ഇഫക്ട് ഉണ്ടാകാതെ നാം തണുത്തുറഞ്ഞു പോകുമായിരുന്നു. ട്രോപ്പോസ്ഫിയറിൽ ഓക്സിജനില്ലായിരുന്നു എങ്കിൽ പ്രാണവായു ലഭിക്കാതെ നാം പിടഞ്ഞു മരിക്കുമായിരുന്നു. അപ്പോൾത്തന്നെ ഇവിടെ ഓക്സിജന്റെ അനുപാതം കുറയുകയും ചെയ്തിരുന്നെങ്കിൽ ഈ അന്ത

*(ശേഷം 3–ാം പേജിൽ)*

**നിങ്ങളുടെ പ്രശ്നങ്ങൾ എന്തു തന്നെയായിക്കോട്ടെ ചിലപ്പോൾ മാരകരോഗമായിരിക്കാം, കടഭാരമായിരിക്കാം, നിരാശയായിരിക്കാം, ഉറക്കമില്ലായ്മയായിരിക്കാം, ദുർസ്വപ്നങ്ങൾ കണ്ട് ഭയപ്പെടുന്നതായിരിക്കാം, കുടുംബകലഹങ്ങൾ ആയിരിക്കാം എന്തിനും പരിഹാരമുണ്ട്. ആത്മഹത്യ ചെയ്യരുത്, മദ്യപിക്കരുത്. ഇതൊന്നും പ്രശ്നത്തിന് പരിഹാരമല്ല. യേശുവിങ്കലേക്ക് വരുക. നിങ്ങളുടെ ഏതു പ്രശ്നവും പരിഹരിക്കും.**

# ഒന്നാം സങ്കീർത്തനം



തിമൊത്തിയോസ് പുതുശ്ശേരി

1. ദുഷ്ടന്മാരുടെ ആലോചന പ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നില്ക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും
2. യോഹവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു. അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ
3. അവൻ ആറ്റരികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും അവൻ ചെയ്യുന്നതൊക്കെയും സാധിക്കും.
4. ദുഷ്ടന്മാർ അങ്ങനെയല്ല അവർ കാറ്റുപാറ്റുന്ന പതിർപോലയത്രേ
5. ആകയാൽ ദുഷ്ടന്മാർ ന്യായവിസ്താരത്തിലും പാപികൾ നീതിമാന്മാരുടെ സഭയിലും നിവർന്നു നിൽക്കുകയില്ല.
6. യഹോവ നീതിമാന്മാരുടെ വഴി അറിയുന്നു. ദുഷ്ടന്മാരുടെ വഴിയോ നാശകരം ആകുന്നു.

66 പുസ്തകങ്ങൾ അടങ്ങിയ വിശുദ്ധ ബൈബിളിലെ പുസ്തകമാണ് സങ്കീർത്തനങ്ങൾ. ദൈവവുമായിട്ടുള്ള ബന്ധത്തിൽ സ്വന്ത ജീവിതാനുഭവങ്ങളിൽ നിന്ന് പരിശുദ്ധാത്മ പ്രേരിതരായി എഴുതിയതാണ് സങ്കീർത്തനങ്ങൾ. ഈ സങ്കീർത്തനങ്ങൾ എല്ലാംതന്നെ രാഗതാളശ്രുതിലയങ്ങളോടെ പാട്ടായി ചിട്ടപ്പെടുത്തിയിരിക്കുന്നു.

ഒന്നാം വാക്യത്തിൽ ദൈവസൃഷ്ടിയായ മനുഷ്യൻ ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കരുതെന്ന് ദൈവം ആഗ്രഹിക്കുന്നു. ഇന്ന് ലോകത്തിൽ കാണുന്ന എല്ലാ അക്രമങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും പിന്നിൽ ഒരു ദുഷ്ടഹൃദയം ഉണ്ട്. ഭീകരവാദങ്ങൾ, ബോംബ് സ്പോടനങ്ങൾ കുലപാതകങ്ങൾ മോഷണങ്ങൾ തുടങ്ങിയ സമൂഹത്തിന് ദോഷം ചെയ്യുന്ന സകല പ്രശ്നത്തിനും പിന്നിൽ ദുഷ്ടന്റെ ആലോചന ഉണ്ട്. എന്ന് കാണുവാൻ കഴിയും. ദുഷ്ടന്റെ ആലോചനകേട്ട് ജീവിതം നയിക്കുന്ന വ്യക്തി സമൂഹം വെറുക്കുന്ന ഒരു കുറ്റവാളിയോ ഒരു മോഷ്ടാവോ കുലപാതകിയായോ അധഃപതിക്കുന്നു. പത്രമാധ്യമങ്ങളിൽക്കൂടി ഇന്ന് കാണുന്ന മോഷണത്തിനും കുലപാതകത്തിനും പിന്നിൽ ദുഷ്ടന്റെ ആലോചന ഉണ്ട്. അനവധി വ്യക്തി ജീവിതങ്ങൾ ദുഷ്ടന്റെ ആലോചന കേട്ട് മോഷണത്തിലും കുലപാതകത്തിലും പങ്കാളികളായിത്തീരുന്നു. ദുഷ്ടന്റെ ആലോചനപ്രകാരം നടക്കുന്ന ഒരു വ്യക്തിയിലൂടെ ജീവിതം അനുഗ്രഹിക്കപ്പെടുകയില്ല. ആ വ്യക്തിയുടെ ജീവിതം ഒരു കുലപാതകത്തിലോ ജയിൽ അറകളിലോ അവസാനിക്കുന്നു.

പാപികളുടെ വഴി ദൈവം വെറുക്കുന്നു. സകലവിധ അധർമ്മവും, അശുദ്ധിയും നിറഞ്ഞതാണ് ഒരു പാപിയുടെ വഴി. മദ്യപാനം, പുകവലി, മോഷണം, വ്യഭിചാരം, ആഭിചാരം, ഭിന്നത, പിണക്കം, പക, അസൂയ, ദുർന്നടപ്പ് എന്നിവകൊണ്ട് നിറഞ്ഞതാണ് പാപിയുടെ വഴി. പാപികളുടെ വഴി നാശത്തിൽ അവസാനിക്കുന്നു. അതിന്റെ അവസാനം നിത്യമായ മരണവുമാണ്.

പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കുന്നത് ദൈവം വെറുക്കുന്നു. പരിഹാസി സകലരേയും പരിഹസിക്കുന്നു. അവൻ ദൈവത്തെയും പരിഹസിക്കുന്നവനാണ്. പരിഹാസിയായ മനുഷ്യൻ വിലയേറിയ സമയം നഷ്ടപ്പെടുത്തികളയുന്നു. പരിഹാസിയോടുകൂടെയിരിക്കുന്നവൻ ഒടുവിൽ ദൈവത്തെ വെറുക്കുന്ന ഒരു പരിഹാസിയായിത്തീരും.

സങ്കീർത്തനത്തിന്റെ രണ്ടാം വാക്യത്തിൽ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ സന്തോഷിക്കണമെന്നും തന്റെ നിയമങ്ങളെ അനുസരിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു. മനുഷ്യൻ ദൈവസൃഷ്ടിയാണെന്ന് ബൈബിൾ പറയുന്നു. ദൈവ സൃഷ്ടിയായ മനുഷ്യന് സാമൂഹിക സാൻമാർഗിക, ധാർമ്മിക, കുടുംബതലങ്ങളിൽ എല്ലാം അനുസരിക്കുവാൻ നിയമങ്ങളെ ദൈവം നൽകി. ദൈവത്തിന്റെ നിയമങ്ങളെല്ലാം മനുഷ്യന്റെ നന്മയ്ക്കുവേണ്ടി നൽകിയതാണ്. ഉദാഹരണമായി വ്യഭിചാരം ചെയ്യരുതെന്ന് ദൈവം കല്പിക്കുന്നു. ഈ കല്പനയുടെ ലംഘനത്തിന്റെ ഭവിഷത്ത് ആണ് എയ്ഡ്സ് പോലുള്ള മാരകമായ രോഗങ്ങൾ, മദ്യപിക്കരുതെന്ന് ദൈവം കല്പിക്കുന്നു. മദ്യപിക്കുന്ന ഒരു വ്യക്തി ഒരിക്കലും അനുഗ്രഹിക്കപ്പെടുകയില്ല. മദ്യപാനിയുടെ മക്കളിൽ ഭൂരിഭാഗവും മദ്യപാനികൾ ആയിത്തീരാറുണ്ട്. മദ്യപാനി തന്റെ ശരീരത്തിന് തന്നെ ദോഷം ചെയ്യുന്നവനാണ്.

മദ്യപാനിയേപ്പറ്റി രസകരമായ ഒരു ചിന്ത ഉണ്ട്. മദ്യപാനിക്ക് കട്ടിലോ മെത്തയോ ആവശ്യമില്ല കാരണം മദ്യപാനി മിക്കവാറും ഓടയിലാണ് കിടക്കാറുള്ളത്. മദ്യപാനിയുടെ വീട്ടിൽ കള്ളൻ കയറുകയില്ല കാരണം അവന്റെ വീട്ടിൽ കള്ളന് എടുക്കാൻ ഒന്നും ഉണ്ടായിരിക്കുകയില്ല. മദ്യപാനിയുടെ തലമുടി നരയ്ക്കുകയില്ല കാരണം വാർദ്ധക്യത്തിൽ എത്തുന്നതിന് മുമ്പുതന്നെ ഏതെങ്കിലും രോഗത്തിന് അടിമപ്പെട്ട് മരിക്കുന്നു.

മനുഷ്യനെ ദൈവം സ്നേഹിക്കുന്നു എന്നതിന്റെ തെളിവാണ് അവൻ അനുസരിപ്പാൻ നൽകിയിരിക്കുന്ന കല്പനകൾ

3-ാം വാക്യത്തിൽ ദൈവത്തെ നിയമങ്ങളെ സ്നേഹിക്കുന്ന മനുഷ്യന്റെ ഭാഗ്യകരമായ അവസ്ഥയാണ് കാണാൻ കഴിയുന്നത്. അവർ ആറ്റരികത്ത് നട്ടിരിക്കുന്ന വൃക്ഷംപോലെയാണ് ആറ്റരികത്തുള്ള വൃക്ഷത്തിന് തന്റെ വേരും ഉണങ്ങുമെന്നോ വാട്ടം സംഭവിക്കുമെന്നോ പേടിക്കേണ്ടതില്ല. ദൈവത്തിന്റെ നിയമങ്ങൾ അനുസരിക്കുന്ന മനുഷ്യനെ ദൈവം സ്നേഹിക്കുന്നു. അവനെയും അവന്റെ തലമുറകളേയും ദൈവം അനുഗ്രഹിക്കുന്നു. ദൈവനിയമം അനുസരിക്കുന്ന വ്യക്തി ഒരിക്കലും ഒരു കുറ്റവാളിയോ, കള്ളനോ, കുലപാതകിയോ, മോഷ്ടാവോ, മദ്യപാനിയോ ആകുകയില്ല. അവന്റെ കുടുംബത്തിൽ നിന്ന് അങ്ങനെയുള്ള വ്യക്തികൾ ഉണ്ടാവുകയില്ല. ദൈവത്തെ അനുസരിക്കുന്ന വ്യക്തികൾ കുടുംബങ്ങൾ സമൂഹത്തിന് കൊള്ളാവുന്നവർ തന്നെയാണ്.

നാലാം വാക്യത്തിൽ ദുഷ്ടതയിൽ ജീവിക്കുന്ന വ്യക്തി വിവിധങ്ങളായ പ്രശ്നങ്ങളുടെ നടുവിൽ തകർന്ന് പോകുവാൻ ഇടയാകും. അവൻ പതിർപോലെ പറന്നുപോകും.

അഞ്ചാം വാക്യത്തിൽ ദുഷ്ടന് ന്യായവിധി ഉണ്ടെന്ന് ദൈവം പറയുന്നു ഈ കാലഘട്ടത്തിൽ പണത്തിന്റെ സ്വാധീനംകൊണ്ട് വലിയ തെറ്റുകളെയും കുലപാതകങ്ങളെയും മറച്ച് നിയമത്തിന്റെ പിടിയിൽനിന്ന് രക്ഷപ്പെടാം. എന്നാൽ സകലവും കാണുന്ന ദൈവം ദുഷ്ടനെ ന്യായവിസ്താരത്തിലേക്ക് വരുത്തും.

ആറാം വാക്യത്തിൽ രണ്ടുവഴികണാം. ദുഷ്ടന്റെ വഴിയുടെ അവസാനം നാശകരം ആണെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ നീതിമാന്മാരുടെ വഴി നിത്യജീവങ്കലേക്കുള്ളവഴിയാണ്. കർത്താവായ യേശു പറഞ്ഞു. "ഞാൻ വഴിയും സത്യവും ജീവനുമാകുന്നു. സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ യേശു ക്രിസ്തു വാകുന്ന വഴി ദൈവം നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്നു. പ്രിയ വായനക്കാരെ നിങ്ങൾ ഏതു വഴിയിൽക്കൂടി യാത്രചെയ്യുന്നുവെന്ന് ഒരു നിമിഷം ചിന്തിക്കുക.

# ദൈവത്തിന്റെ ഒരു അത്ഭുത ഗ്രന്ഥം



ബി. ജെ. സി.

ഇന്ന് ലോകത്തിൽ നിരവധി പുസ്തകങ്ങളുണ്ട് എന്നാൽ അവയിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരു അത്ഭുതപുസ്തകമാണ് ബൈബിൾ. ഇതിലെ ഓരോ വാക്കുകളും ജീവനും ചൈതന്യം ഉള്ളതും മനുഷ്യഹൃദയങ്ങളെ രൂപാന്തപ്പെടുത്തുവാനും ആശ്വസിപ്പിക്കുവാനും പര്യാപ്തമായതുമാണ്. ബൈബിൾ ഒരു അത്ഭുത പുസ്തകമാണെന്ന് പറയാനുള്ള ചില കാരണങ്ങൾ നമുക്കു നോക്കാം.

**1. ബൈബിളിലെ ചരിത്രങ്ങളുടെ കൃത്യത അത്ഭുതാവഹമാണ്.**

ദൈവം മനുഷ്യനെ സൃഷ്ടിച്ചാക്കിയ ഏദൻ തോട്ടത്തിൽ നിന്നും പുറപ്പെട്ട നദിയുടെ നാലു ശാഖകളിൽ രണ്ടെണ്ണമായ യൂഫ്രട്ടീസും ട്രൈഗ്രീസും ഇന്നും അതേ പേരിൽ ശേഷിച്ചിരിക്കുന്നു. ഈ നദികൾക്കിടയിലുള്ള മെസപ്പൊട്ടാമിയ ഭാഗത്താണ് മനുഷ്യസംസ്കാരം നാമ്പിട്ടതെന്ന് ചരിത്രകാരന്മാർ ഒന്നടങ്കം സമ്മതിക്കുന്നു.

ലോകം മുഴുവൻ വ്യാപിച്ച ഒരു വലിയ വെള്ളപ്പൊക്കം നോഹയുടെ കാലത്ത് ഉണ്ടായതായി ബൈബിൾ പ്രസ്താവിക്കുന്നു. എല്ലാ പ്രധാന സംസ്കാരങ്ങളുടെയും ചരിത്രത്തിൽ ഇപ്രകാരമൊരു വെള്ളപ്പൊക്കം ഉണ്ടായതിനെക്കുറിച്ചുള്ള പരാമർശമുണ്ട്.

ക്രിസ്തുവിന് 2000 വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന അബ്രഹാം പാർത്തിരുന്ന ഊർ, ഹെബ്രോൻ മുതലായ സ്ഥലങ്ങൾ തന്റെയും കുടുംബാംഗങ്ങളുടെ കല്ലറകൾ യിസ്രായേൽ എന്ന വാക്കിന്റെ ആരംഭം, സോദോം-ഗോമോറപട്ടണങ്ങളുടെ നാശം, യെരിഹോക്കോട്ടയുടെ തകർച്ച, മോശെ, യോശുവ, ശൗൽ, ദാവീദ് സോളമൻ തുടങ്ങിയവരുടെ ജീവിതവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ യേശുവിന്റെ ജീവിതവും പ്രവർത്തനവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ മുതലായവയെല്ലാം ബൈബിളിലെ ചരിത്ര യാഥാർത്ഥ്യങ്ങളെ അരക്കിട്ട് ഉറപ്പിക്കുന്നവയായി ഇന്നും നിലനിൽക്കുന്നു.

**2. ബൈബിളിന്റെ ശാസ്ത്രീയമായ കൃത്യത**

ബൈബിൾ പ്രധാനമായും മനുഷ്യരോടുള്ള ദൈവത്തിന്റെ സന്ദേശമാണ്. ഇത് ഒരു ശാസ്ത്രഗ്രന്ഥമല്ല. അപ്പോൾതന്നെ ബൈബിളിലെ ശാസ്ത്രീയ വിഷയങ്ങളുടെ പരാമർശങ്ങൾ വള്ളിപുള്ളി തെറ്റാതെ നാം മുഖവിലയ്ക്കെടുക്കേണ്ടതുമാണ്.

ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ശാസ്ത്രീയ സത്യങ്ങൾ ഒരു കാലത്ത് ചില ശാസ്ത്രജ്ഞന്മാർ തെറ്റാണെന്ന് അഭിപ്രായപ്പെട്ടിരുന്നു, എന്നാൽ പിൽക്കാലത്ത് അവരുടെയെല്ലാം വാക്കുകൾ മാറ്റിപ്പറയേണ്ടി വന്നിട്ടുണ്ട്. ഇതിന് നിരവധി ഉദാഹരണങ്ങൾ ഉണ്ടെങ്കിലും സ്ഥലപരമിതിമൂലം ഏതാനും ചിലവ നമുക്കു നോക്കാം.

**(a)** ഭൂമി ഉരുണ്ടതാണെന്ന് ബി. സി. 540ൽ യെശയ്യ. പ്രവാചകനിലൂടെ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. (യെശ. 40:22). എന്നാൽ പതിനഞ്ചാം നൂറ്റാണ്ടുവരെ അഥവാ കൊളമ്പസിന്റെയും മഗല്ലന്റെയും കാലംവരെ ഭൂമി പരന്നതാണെന്ന് മനുഷ്യർ പൊതുവെ വിശ്വസിച്ചിരുന്നത്.

**(b)** ഭൂമിയെ ഒന്നുമില്ലായ്മയിൽ നിർത്തിയിരിക്കുന്നുവെന്ന് ബൈബിളിലെ ഏറ്റവും പുരാതന പുസ്തകങ്ങളിലൊന്നായ ഇയ്യോബിൽ രേഖപ്പെടുത്തിയിരിക്കുന്നു. "അവൻ ഭൂമിയെ നാസ്തിത്വത്തിന്മേൽ (ശൂന്യതിന്മേൽ) തൂക്കുന്നു" (ഇയ്യോബ് 26:7). എ. ഡി. 1687-ൽ സർ ഐസക്ക് ന്യൂട്ടൺ അതു വെളിപ്പെടുത്തുന്നതുവരെ ശാസ്ത്രം അത് അംഗീകരിച്ചിരുന്നില്ല.

**(c)** ജീവൻ രക്തത്തിലാണെന്ന് ബി. സി. 1500 നോടടുത്ത് ബൈബിളിൽ രേഖപ്പെടുത്തി "മാംസത്തിന്റെ ജീവൻ രക്തത്തിലല്ലോ ഇരിക്കുന്നത്" (ലേവ്യ. 17:11) ശാസ്ത്രജ്ഞന്മാർ ഇതു ഗ്രഹിച്ചില്ല. രക്തത്തിൽ രോഗാണുക്കൾ ഉണ്ടെന്ന് അവർ കണ്ടെത്തി. അങ്ങനെയാണ് രോഗം മാറ്റാൻ രക്തം ചോർത്തിക്കളയുന്ന ചികിത്സാരീതി ആരംഭിച്ചത്. ജീവൻ രക്തത്തിലാണെന്ന് ഗ്രഹിക്കാതിരുന്നതുകൊണ്ട് ഈ ചികിത്സാരീതിക്കിടയിൽ രക്തം വാർന്ന് നിരവധിപേർ മരിക്കാനിടയായിട്ടുണ്ട്. ശാസ്ത്രലോകം ഈ സത്യം ഗ്രഹിക്കുന്നതിന് എത്രയോ വർഷങ്ങൾക്ക് മുമ്പ് ബൈബിളിൽ ഇത് രേഖപ്പെടുത്തിയിരിക്കുന്നു.

**3. പ്രവചങ്ങളുടെ നിവർത്തി**

ഭാവിസംഭവങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളും അവയുടെ നിവർത്തീകരണവുമാണ് ഒരു ഗ്രന്ഥത്തിന്റെ ആധികാരികതയുടെ മാറ്റുനോക്കുവാനുള്ള ഉരകല്ലുകളിൽ ഒന്ന്. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവചനങ്ങളുടെ നിറവേറൽ അത്ഭുതാവഹമാണ്.

യിസ്രായേൽ ജനതയെക്കുറിച്ചുള്ള ബൈബിൾ പ്രവചനങ്ങളുടെ നിറവേറൽ ശ്രദ്ധാർഹമാണ്. അവരുടെ ഈജിപ്റ്റിലെ അടിമത്വം, ബാബിലോണിലെ പ്രവാസം, യെരുശലേമിലേക്കുള്ള മടങ്ങിവരവ്, മശിഹായെ തിരസ്ക്കരിക്കൽ, അവരുടെ ചിതറിപ്പോക്ക്, ക്രിസ്തുവിന്റെ രണ്ടാം വരവിന്മുമ്പ് അവർ വീണ്ടും ചേർക്കപ്പെട്ട് സ്വന്തം രാജ്യമുണ്ടാകുന്നത് മുതലായവയെക്കുറിച്ച് വർഷങ്ങൾക്കുമുമ്പ് ബൈബിളിൽ രേഖപ്പെടുത്തിയിരുന്നതെല്ലാം അതുപോലെ നിറവേറ്റുവാനിടയായി. ഇത്രയും നിറവേറിയെങ്കിൽ അവരെക്കുറിച്ചുള്ള ബാക്കി പ്രവചനങ്ങളും നിശ്ചയമായും വിറവേറും.

ബാബിലോൺ അഥവാ ഇറാക്ക്, പേർഷ്യ അഥവാ ഇറാൻ, ഗ്രീസ്, റോം, ഈജിപ്റ്റ്, റഷ്യ മുതലായ രാജ്യങ്ങളെക്കുറിച്ചും യെരിഹോ, സോർ, നിനവേ, യെരുശലേം തുടങ്ങിയ നഗരങ്ങളെക്കുറിച്ചും സൈറസ്, മഹാനായ അലക്സാണ്ടർ, യോഹന്നാൻ സ്നാപകൻ മുതലായ വ്യക്തികളെക്കുറിച്ചും അനേക വർഷങ്ങൾക്ക് മുമ്പ് രേഖപ്പെടുത്തിയ പ്രവചനങ്ങൾ കൃത്യമായി നിറവേറുവാനിടയായി.

യേശുവിന്റെ ജീവിതത്തെക്കുറിച്ചും ശുശ്രൂഷകളെക്കുറിച്ചും കഷ്ടാനുഭവങ്ങളെക്കുറിച്ചും ഉയർപ്പിനെക്കുറിച്ചും യേശുവിന്റെ ജനനത്തിന് നൂറ്റാണ്ടുകൾക്കുമുമ്പ് രേഖപ്പെടുത്തിയിരുന്ന നിരവധി പ്രവചനങ്ങൾ ഒന്നുപോലും തെറ്റാതെ കൃത്യമായി നിറവേറുവാനിടയായി.

ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. ബൈബിളിലെ പ്രവചനങ്ങൾ ഇതുവരെ നിറവേറിയെങ്കിൽ ഇനിയുള്ളവയും നിശ്ചയമായി നിറവേറുകതന്നെ ചെയ്യും.

(തുടരും...)

ആകാശത്തിന് ഭൂമിമേലുള്ള സ്വാധീനത തുടർച്ച

രീക്ഷമണ്ഡലം ഒരു അഗ്നിഗോളമായി മാറുമായിരുന്നു. സ്ട്രാറ്റോസ്ഫിയറിൽ ഓസോൺ ഇല്ലായിരുന്നെങ്കിൽ നാസ്കിൻ ക്യാൻസർ രോഗികളായി ഇഞ്ചിഞ്ചായി മരിക്കുമായിരുന്നു. ചുരുക്കി പറഞ്ഞാൽ ആകാശത്തിലെ നിയമങ്ങളും അവയ്ക്ക് ഭൂമിമേലുള്ള സ്വാധീനതയും എത്ര അത്ഭുതകരമാണ്. നാം അറിയാത്ത എത്രയോ രഹസ്യങ്ങൾ ഇനിയും ഈ ആകാശത്തിൽ മറഞ്ഞിരിക്കുന്നുണ്ടാവും. ആകാശത്തിന്റെ വലിപ്പവും വ്യാപ്തിയും ആർക്കും അളക്കുവാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. കേവലം ഭൗമോപരിതലത്തിൽ നിന്നും 1200 കിലോമീറ്ററുകൾ ഉയരത്തിൽ വ്യാപിച്ചുകിടക്കുന്ന ഭൂമിയുടെ അന്തരീക്ഷമണ്ഡലമായ ആകാശത്തിന്റെ ഒരു അംശത്തെക്കുറിച്ചു മാത്രമാണ് നാമിവിടെ ചിന്തിച്ചത്. ഇന്നേയ്ക്ക് 3500 വർഷങ്ങൾക്കു മുൻപേ വിശുദ്ധ വേദപുസ്തകത്തിൽ എഴുതിവച്ചിരുന്ന ഒരു വാക്യത്തിന്റെ ശാസ്ത്രീയത, അതിന്റെ ആഴം, അതിന്റെ പൊരുൾ ഒന്നു വ്യക്തമാക്കുവാൻ ഇത്രയും എഴുതിയെന്നേയുള്ളൂ. ബൈബിളിന്റെ ആ ചോദ്യം ഇവിടെ ഒന്നുകൂടി എഴുതുന്നു:

ആകാശത്തിലെ നിയമങ്ങളെ നീ അറിയുന്നുവോ? അതിനു ഭൂമിമേലുള്ള സ്വാധീനത നിർണ്ണയിക്കാമോ?

യാത്രാവിവരണം -19

# ബെഥാന്യ; ലാസർ ഉയർത്തെഴുന്നേറ്റ ഗ്രാമം

മറിയയുടെയും അവളുടെ സഹോദരി മാർത്തയുടേയും ഗ്രാമമായ ബഥാന്യയിലെ ലാസർ എന്ന ഒരുത്തൻ ദീനമായി കിടന്നു.... യേശു അവിടെ എത്തിയപ്പോൾ അവനെ കല്ലറയിൽവച്ചിട്ട് നാലു ദിവസമായെന്നറിഞ്ഞു (യോഹ. 11 : 1-4).

ഞങ്ങൾ യെരുശലേമിൽ നിന്നും യെരിഹോവിലേക്കു പോകുമ്പോഴാണ് ബെഥാന്യാ ഗ്രാമത്തിൽ ചെന്നത്. ബഥാന്യയിലാണ് മരിച്ചു നാലുദിവസം കഴിഞ്ഞ ലാസറിനെ യേശു ഉയർപ്പിക്കുന്നത്. യെരുശലേമിന് രണ്ടു മൈൽ കിഴക്ക് ഒലിവുമലയുടെ അടിവാരത്തിലായി യെരിഹോവിലേക്കുള്ള റോഡിനോടു ചേർന്നു കിടക്കുന്ന ഒരു ഗ്രാമമാണ് ബഥാന്യ. യേശുക്രിസ്തു ബഥാന്യയിലെ ലാസറിന്റെ ഭവനത്തിലും കുഷ്ഠരോഗിയായ ശീമോന്റെ ഭവനത്തിലും ചെന്നതായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ജൂതമത പുരോഹിതന്മാർ തങ്ങളുടെ വിശ്വാസികൾ ആരുംതന്നെ യേശുക്രിസ്തുവിനെ ഭവനത്തിൽ സ്വീകരിക്കരുതെന്ന് അന്ത്യശാസനം കൊടുത്തിരുന്നു. ഈ കാലഘട്ടത്തിലാണ് യെഹൂദനായ ലാസർ തന്റെ ഭവനത്തിലേക്ക് യേശുവിനെ സ്വാഗതം ചെയ്തത്. യേശുക്രിസ്തു ലാസറിന്റെ ഭവനത്തിൽ പോകുകയും അവരെ തിരുവചനം പഠിപ്പിക്കുകയും ചെയ്യുമായിരുന്നു. ലാസർ ഒരു ദിവസം രോഗിയായി രോഗം വർദ്ധിക്കുകയും അവൻ മരിക്കുകയും ചെയ്തു. ഭവനത്തിലെ ഏക അത്താണിയായിരുന്ന ലാസറിന്റെ മരണം ആ ഭവനത്തെ അക്ഷരാർത്ഥത്തിൽ കണ്ണുനീർ കടലിലാക്കി. ബെഥാന്യാ ഗ്രാമം മുഴുവൻ ദുഃഖത്തിലായി. ബഥാന്യയിലുള്ള ഒരു ഗുഹയിൽ ലാസറിന്റെ മൃതശരീരം സംസ്ക്കരിച്ചു. ഒരു വലിയ കല്ലും ആ ഗുഹാമുഖത്ത് ഉരുട്ടിവച്ചു. ഈ ഗുഹയിലേക്ക് ഇറങ്ങിച്ചെല്ലുവാൻ ഇരുപത്തിരണ്ടു പടികൾ ഉണ്ടായിരുന്നു. ഞാൻ ഈ ഗുഹയ്ക്കകത്ത് ഇറങ്ങുകയുണ്ടായി. ആ കാലത്തെ യഹൂദന്മാരുടെ ശവസംസ്ക്കാര രീതി നമ്മുടേതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്.

ലാസർ മരിച്ചതിന്റെ നാലാം ദിവസമാണ് യേശുക്രിസ്തു ബഥാന്യയിലെത്തുന്നത്. യേശു ബഥാന്യയിൽ ചെല്ലുമ്പോൾ അതൊരു ശ്മശാനമൂകമായ ഗ്രാമമായി തീർന്നുകഴിഞ്ഞിരുന്നു. മൃതശരീരം ജീർണ്ണിച്ച് നാറ്റംവയ്ക്കുവാൻ തുടങ്ങിയിരുന്നു. യേശുക്രിസ്തു ആ ഗുഹാമുഖത്ത് ചെന്നുനിന്ന് ദുഃഖിച്ചു കരഞ്ഞു. തന്റെ കവിളുകളിലൂടെ കണ്ണുനീർ ചാലുകളൊഴുകി. ഗുഹാമുഖത്തു വച്ചിരിക്കുന്ന കല്ല് ഉരുട്ടിമാറ്റുവാൻ കല്പിച്ചു. ഗ്രാമനിവാസികൾ കല്ലുരുട്ടി മാറ്റി. ലാസറേ...പുറത്തുവരിക എന്ന് എല്ലാവരും കേൾക്കെ ക്രിസ്തു വിളിച്ചുപറഞ്ഞു. അത്ഭുതം! ലാസർ ജീവനുള്ളവനായി കല്ലറയ്ക്ക് പുറത്തു വന്നു. അവന്റെ ശരീരം തന്റെ ശവശരീരത്തിൽ ചുറ്റിയ തുണിയാൽ മൂടപ്പെട്ടിരുന്നു. ശവക്കച്ചയാൽ ചുറ്റപ്പെട്ട് തന്നെ സംസ്ക്കരിച്ച ഗുഹാമുഖത്ത് ജീവനോടെ നില്ക്കുന്ന ലാസറിനെ ഗ്രാമനിവാസികൾ കണ്ട് സ്തംഭിച്ചു നിന്നുപോയി. ലാസറിന്റെ സഹോദരിമാരായ മാർത്തയും മറിയയും സന്തോഷം കൊണ്ട് പൊട്ടിക്കരഞ്ഞു. അവർ തങ്ങളുടെ സഹോദരന്റെ അടുക്കലേക്കോടിച്ചെന്നു; ശവക്കച്ചകൾ അഴിച്ചുമാറ്റി, കാലിലേയും കയ്യിലേയും കെട്ടുകൾ അഴിച്ചുവിട്ടു. ലാസറിന്റെ വിലാപഭവനം ഒരു വിരുന്നുവീടായി മാറി. അവിടെ അവർ യേശുവിന് ഒരു വിരുന്നൊരുക്കി. ശവത്തിന്റെ ദുർഗന്ധം മാറി സുഗന്ധത്തിന്റെ ശീതളക്കാറ്റ് അവിടെ വീശി. പറഞ്ഞറിയിക്കുവാൻ കഴിയാത്ത സന്തോഷത്താൽ അവർ തുള്ളിച്ചാടി.



ബെഥാന്യയിൽ ലാസറിന്റെ പേരിലുള്ള പള്ളി



ബെഥാന്യയിൽ ലാസറിനെ അടക്കിയ കല്ലറ അതൊരു ഗുഹയായിരുന്നു.

യേശുവിന്റെ അത്ഭുതപ്രവർത്തികളിൽ ഒന്നും തന്നെ കൈയടക്കമോ കൺകെട്ടുവിദ്യയോ ആയിരുന്നില്ല. ചെപ്പടിവിദ്യകൾ കാണിച്ച് മഹാനാകേണ്ട ആവശ്യം യേശുവിനില്ലായിരുന്നല്ലോ.

വേദപുസ്തക രേഖകളിൽ അതിശയോക്തികളില്ല; അതിൽ പരിശുദ്ധാത്മാവിന്റെ സഹായത്താൽ രേഖപ്പെടുത്തിയിരിക്കുന്ന ചരിത്രസത്യങ്ങളാണുള്ളത്. യേശുക്രിസ്തു നടത്തിയ അത്ഭുതങ്ങൾ സ്വന്തം കണ്ണുകൊണ്ടു കണ്ടവരാണ് ആദിമ നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ. അവരിൽ പലരും ജീവനോടിരിക്കുന്ന കാലയളവിലാണ് സുവിശേഷങ്ങൾ എഴുത പ്പെട്ടതും ഇസ്രയേൽ ദേശത്ത് പ്രചരിപ്പിക്കപ്പെട്ടതും. ആകയാൽ അവർക്ക് അസത്യം പ്രചരിപ്പിക്കുവാൻ സാധ്യമല്ലായിരുന്നു. മാത്രമല്ല; സത്യമായ സുവിശേഷംതന്നെ പറഞ്ഞ ശിഷ്യന്മാർക്ക് മരണമാണു ലഭിച്ചത്. അവർ അതു സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തു. വധിക്കപ്പെടേണ്ടതിനുവേണ്ടി കള്ളം പറയുവാൻ ആരും തയ്യാറാകുകയില്ലല്ലോ.

യേശുക്രിസ്തു മരിച്ച ലാസറിനെ ഉയർപ്പിച്ചുവെന്ന് വ്യക്തമാക്കിക്കൊണ്ട് ബഥാന്യയിലെ ലാസറിന്റെ കല്ലറ ഒഴിഞ്ഞുകിടക്കുന്നു. അതിന്റെ ഉള്ളിൽ ഇറങ്ങിച്ചെന്നു കാണുവാൻ എനിക്കും അവസരമുണ്ടായി.

യേശുക്രിസ്തു മരിച്ചുപോയ ലാസറിനെ ഉയർത്തെഴുന്നേൽപ്പിക്കുന്നതിനു മുമ്പായി ലാസറിന്റെ മൃതശരീരം വച്ചിരുന്ന ഗുഹയുടെ മുഖത്തുവച്ചിരുന്ന കല്ല് മാറ്റുവാൻ കല്പിച്ചു. അവർ കല്ലുരുട്ടി മാറ്റിയതിനുശേഷമാണ് യേശു ലാസറിനെ ഉയർത്തെഴുന്നേൽപ്പിച്ചത്. ഇതുപോലെ മാറ്റേണ്ട കല്ലുകൾ എന്തുതന്നെ ആണെങ്കിലും ക്രിസ്തു കല്പിച്ചതുപോലെ മാറ്റുവാൻ തയ്യാറായെങ്കിൽ മാത്രമേ അത്ഭുതം നടക്കൂ. ഉയർത്തെഴുന്നേറ്റ ലാസറിന്റെ കൈകാലുകൾ ശവക്കച്ചകളാൽ ബന്ധിക്കപ്പെട്ടിരിക്കുകയായിരുന്നു; മുഖം റുമാൽകൊണ്ട് മൂടപ്പെട്ടിരുന്നു. തന്മൂലം അവനു ജീവൻ തിരിച്ചുകിട്ടിയെങ്കിലും നടക്കുവാനും പ്രവർത്തിക്കുവാനും ക്രിസ്തുവിനെ കാണുവാനും കഴിഞ്ഞിരുന്നില്ല. അവനിലെ കെട്ടുകൾ അഴിച്ചുവിടുവാൻ ക്രിസ്തു കല്പിച്ചു. അവർ അതു ചെയ്തപ്പോൾ ലാസർ സ്വതന്ത്രനായി. ഇതുപോലെ ക്രിസ്തുവിൽ നിന്നും പുനരുത്ഥാന ജീവൻ പ്രാപിച്ചവർ തങ്ങളുടെ കാലുകളിലും കൈകളിലുമുള്ള പഴയ ബന്ധനങ്ങൾ അഴിച്ചുകളഞ്ഞ് പ്രവർത്തന നിരതരാകേണ്ടതാണ്. മുഖത്തെ റുമാൽ എടുത്തുകളഞ്ഞെങ്കിൽ മാത്രമേ യേശുക്രിസ്തുവിനെ കാണാൻ കഴിയൂ. പുനരുത്ഥാന ജീവൻ പ്രാപിച്ചവർ പഴയ ശവക്കുഴിയിൽ കിടക്കരുത്; അവർ യേശുവിനോടൊപ്പം പന്തിക്കിരിക്കേണ്ടതാണ്.

# അതുല്യമായ പ്രവചനങ്ങൾ

യിസ്രയേലിനെക്കുറിച്ചുള്ള പ്രവചനങ്ങൾ II

**B. "യിസ്രായേല്യർക്ക് ജന്മഭൂമിയായ യിസ്രയേൽ തിരിച്ചുകിട്ടും"**

യിസ്രയേല്യരെക്കുറിച്ച് ബൈബിൾ നടത്തിയ വളരെ പ്രധാനമായൊരു പ്രവചനം യിസ്രയേല്യർക്ക് അവരുടെ ജന്മഭൂമി തിരികെ ലഭിക്കുമെന്നും ഭൂലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും യിസ്രയേല്യർ തങ്ങളുടെ മാതൃരാജ്യമായ യിസ്രയേലിലേക്ക് മടങ്ങിവരും എന്നുമുള്ളതാണ് (യെഹ. 11:17).

ബൈബിൾ പ്രവചനം ഇങ്ങനെയൊക്കെയാണെങ്കിലും അത് വിശ്വസിക്കുവാൻ സാമാന്യജനത്തിന് ബുദ്ധിമുട്ടുണ്ടായിരുന്നു. കാരണം ആദ്യം അശൂർ സാമ്രാജ്യവും പിന്നീട് ബാബിലോൺ സാമ്രാജ്യവും യിസ്രയേൽ ദേശം ഭരിച്ചു. പിന്നീടുവന്ന പേർഷ്യക്കാരും ഗ്രീക്കുകാരും അവരുടെ സാമ്രാജ്യങ്ങളുടെ ഭാഗമായിട്ട് യിസ്രായേൽ ദേശത്തെ മാറ്റി. തുടർന്നുവന്ന റോമൻ സാമ്രാജ്യവും അവരെ കീഴ്പ്പെടുത്തി. യിസ്രയേൽദേശം റോമൻ സാമ്രാജ്യത്തിന്റെ ഒരു ഭാഗമായി മാറി. റോമൻ സാമ്രാജ്യത്തിന് അധഃപതനമുണ്ടായപ്പോഴും യിസ്രയേൽദേശം യിസ്രയേല്യർക്ക് മടക്കികിട്ടിയില്ല. കാരണം എ.ഡി. 135-ൽ തന്നെ അവരെ അവിടെ ശേഷിച്ചിരുന്ന ജൂതന്മാരെ റോമക്കാർ ലോകമെമ്പാടും ചിതറിപ്പിച്ചുകളഞ്ഞിരുന്നു. അവർ ലോകമെമ്പാടും ചിതറപ്പെട്ടു കൊണ്ട് സംഘടിക്കുവാനും കഴിഞ്ഞില്ല. അനേക ഭരണകർത്താക്കളുടെ കീഴിൽ യിസ്രയേൽ അമർന്നുപോയി. അവസാനം തുർക്കികളുടെ കൈയിൽനിന്നും യിസ്രയേൽദേശത്തെ ബ്രിട്ടീഷ് സാമ്രാജ്യം പിടിച്ചെടുത്തപ്പോഴേക്കും 2000 വർഷങ്ങൾ കഴിഞ്ഞിരുന്നു. അതായത് യിസ്രയേല്യർക്ക് അവരുടെ ജന്മഭൂമി നഷ്ടപ്പെട്ടിട്ട് 2000 വർഷം കഴിഞ്ഞു. ഈ 2000 വർഷം കൊണ്ട് യിസ്രയേല്യർ അവർ ചെന്നുചേർന്ന രാജ്യങ്ങളിലെ പൗരന്മാരായിത്തീർന്നു കഴിഞ്ഞിരുന്നു. കൊച്ചിയിലുണ്ടായിരുന്ന യഹൂദന്മാർ ഇന്ത്യൻ പൗരന്മാരും മലയാളികളുമായിരുന്നു. റഷ്യയിൽ ചെന്നെത്തിയ യഹൂദന്മാർ റഷ്യൻ പൗരനും റഷ്യാക്കാരുമായി. ഇങ്ങനെ ഒരു സാഹചര്യത്തിൽ യിസ്രയേല്യർ തങ്ങളുടെ ജന്മഭൂമിയായ യിസ്രയേൽദേശത്തേക്ക് മടങ്ങിച്ചെല്ലുമെന്നും ആ ദേശം അവർക്കു ലഭിക്കുമെന്നും ആരെങ്കിലും പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും. മനുഷ്യൻ വിശ്വസിച്ചാലും ഇല്ലെങ്കിലും ബൈബിളിന്റെ പ്രവചനം സത്യമാണല്ലോ. അത് സംഭവിക്കുക തന്നെ ചെയ്യും. ലോകചരിത്രത്തിൽ ഇതുവരെയും സംഭവിച്ചിട്ടില്ലാത്ത ഒരു അതുല്യമായ കാര്യം 1948 മെയ് 14-ാം തീയതി നടന്നു. അത് മറ്റൊന്നുമായിരുന്നില്ല. യിസ്രയേല്യർക്ക് അവരുടെ ജന്മഭൂമി തിരിച്ചുകിട്ടി. യിസ്രയേൽദേശം പിറന്നു. കേരളമുൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും യിസ്രയേല്യർ തങ്ങളുടെ മാതൃരാജ്യത്തിലേക്കു മടങ്ങിപ്പോയി. അവിശ്വസനീയമായ ഈ സംഭവം നമ്മുടെ കണ്ണിന്റെ മുൻപിൽ കണ്ടതുകൊണ്ട് നാം വിശ്വസിക്കുന്നു. 2000 വർഷങ്ങൾക്കു മുമ്പ് നഷ്ടപ്പെട്ട ഒരു രാജ്യം തിരിച്ചുകിട്ടുക. 2000 വർഷം ലോകത്തിലെ എല്ലാ വൻകരകളിലും ചിതറിയിട്ടും ചെന്ന സ്ഥലങ്ങളിലെ സംസ്കാരങ്ങളുമായി ലയിച്ചുചേരാതെ തങ്ങളുടെ തനിമ നിലനിർത്തുക. മടങ്ങി തങ്ങളുടെ മാതൃരാജ്യത്തി ലേക്ക് പോവുക. ഇതെല്ലാം യിസ്രയേല്യർക്ക് ആവശ്യപ്പെടാവുന്ന അതുല്യമായ കാര്യങ്ങളാണ്. നമ്മുടെ മലയാളി കേവലം ഒരു 100 വർഷം കേരളത്തിനു പുറത്തു താമസിച്ചാൽ അവനിൽ എന്തെങ്കിലും മലയാളി തനിമ ശേഷിക്കുമോ? ഈ ചോദ്യത്തിന് മറുപടി കണ്ടെത്തുമ്പോഴാണ് 2000 വർഷം യിസ്രയേലിനു പുറത്ത് പാർത്തിട്ടും അവർ യിസ്രയേല്യരായി തന്നെ മടങ്ങിവന്നിരിക്കുന്നു. മനുഷ്യരിൽ ഇവർക്കുമാത്രം ഈ അതുല്യത ലഭിച്ചത് അവരുടെ കഴിവുകൊണ്ടല്ല. അവരെക്കുറിച്ചുള്ള ബൈബിൾ പ്രവചനങ്ങൾ നിറവേറേണ്ടതാവശ്യമായതുകൊണ്ടാണ്.

(തുടരും...)

*അനുഗ്രഹത്തിന്റെ വഴികൾ തുടർച്ച*

നമുക്കും അവർക്കും ഉണ്ടാകും മാത്രമല്ല അവരോടൊപ്പം നാമും നരകത്തിൽ കഴിയേണ്ടിവരും ആകയാൽ ദൈവത്തിന്റെ കല്പന അനുസരിക്കുവാൻ തടസ്സം നിൽക്കുന്ന ആരെയും അനുസരിക്കുവാൻ നാം ബാദ്ധ്യസ്ഥരല്ല. ദൈവത്തിന്റെ കല്പനകളെ ലംഘിക്കുന്ന ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ട് ഇറങ്ങിവരുവനാണ് അബ്രഹാം; ദൈവം കല്പന അനുസരിച്ചതുകൊണ്ട് അബ്രഹാമും തന്റെ മക്കളും അനുഗ്രഹം പ്രാപിച്ചു.

മാതാപിതാക്കളെ ദൈവം നമുക്കു നല്കിയ മക്കൾക്കായി നമുക്ക് നന്ദിപറയാം. ദൈവത്തിന്റെ ഇഷ്ടം ചെയ്യുവാനും ദൈവത്തിന്റെ വഴികളിൽ നടക്കുവാനും നമ്മെക്കാൾ അധികമായി അവർ ദൈവത്തെ അനുസരിക്കുവാനും നമുക്ക് അവരെ ഉപദേശിക്കാം. ദൈവവഴിയിൽ നിന്നും അവരെ മാറ്റികളയുവാൻ നമ്മുടെ അധികാരവും, കായികബലവും ഉപയോഗിക്കരുത്. ഉപയോഗിച്ചാൽ നാം നശിച്ചുപോകും എന്നതിന് യാതൊരു സംശയവുമില്ല. നമ്മുടെ ഉപദേശം കേട്ട് അവർ ദൈവവഴിവിട്ട് നമ്മോടൊപ്പം നിന്നാൽ അവരും നശിച്ചുപോകുന്നത് നാം കാണേണ്ടിവരും. ഇത് ആർക്കും സംഭവിക്കാതിരിക്കട്ടെ. നമ്മുക്ക് ദൈവത്തെ അനുസരിക്കാം. ദൈവത്തെ ആരെങ്കിലും അനുസരിക്കയാണെങ്കിൽ അവരെ തടയാതിരിക്കാം.

Printed and Published by: Mathew Varghese, Kuzhimannil House, Kunnamthanam for Subha Sandesam Echo Printed at: Graphic Systems & Co., Mallappally ✆ 0469-3255522